(ബി) കാസർഗോഡ് പാക്കേജിന്റെ കാലാവധി അവസാനിച്ചിട്ടില്ല.

വയനാട് പാക്കേജ് പദ്ധതി ഒരു തുടർ പദ്ധതിയായി നടപ്പ് സാമ്പത്തിക വർഷവും നടപ്പിലാക്കിവരുന്നു.

(സി) ബാധകമല്ല.

(ഡി) കാസർഗോഡ് ജില്ലയിൽ ഉൾപ്പെട്ട പദ്ധതികൾ (പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ) വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർ ചെയർമാനും ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറും ജില്ലാ പഞ്ചായത്ത് സെക്രട്ടറി, കളക്ടറേറ്റിലെ ഫിനാൻസ് ഓഫീസർ എന്നിവർ അംഗങ്ങളുമായി ഒരു ജില്ലാതല സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

വയനാട് പാക്കേജ് പദ്ധതിയെ സംബന്ധിച്ച് കൃഷി ഡയറക്ടറേറ്റ്തലത്തിൽ കാലാകാലങ്ങളിൽ വിലയിരുത്തൽ നടത്താറുണ്ട്. ഇതിൽ പോരായ്മകളൊന്നും കണ്ടെത്തിയിട്ടില്ല.

വയോജന കമ്മീഷൻ

19 (*439) ശ്രീ. കെ. രാജു :

ശ്രീ. ഇ. ചന്ദ്രശേഖരൻ :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വയോജന കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) വയോജനങ്ങളുമായി ബന്ധപ്പെട്ട കേസ്സുകളും പരാതികളും കൈകാര്യം ചെയ്യുന്നതിന് ജുഡീഷ്യൽ അധികാരമുള്ള കമ്മീഷനെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) മുതിർന്ന പൗരൻമാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലേക്കായി ഒരു പ്രത്യേക റെഗുലേറ്ററി ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി ഹൈക്കോടതിയിലെ സീനിയർ അഡ്വക്കേറ്റ് ശ്രീ. വി. കെ. ബീരാനെ സ്പെഷ്യൽ ഓഫീസറായി സ.ഉ. (എംഎസ്.) 34/2015/സാ.നീ.വ. തീയതി 21-5-2015 പ്രകാരം ഉത്തരവായിട്ടുണ്ട്.

നാളികേര സംഭരണം

20 (*440) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിഭവനുകൾവഴി പച്ചത്തേങ്ങ സംഭരണത്തിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്. സംസ്ഥാനത്ത് 1-1-2013 മുതൽ കൃഷിഭവനുകൾവഴി കേരഫെഡിന്റെ സഹകരണത്തോടെ പച്ചത്തേങ്ങ സംഭരണ പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) നാളികേര വിലയിടിവിൽനിന്നും കേരകർഷകരെ സംരക്ഷിക്കുകയും സംഭരണ പദ്ധതിയുടെ പ്രയോജനം നേരിട്ട് കർഷകർക്ക് എത്തിക്കുകയുമാണ് ഉദ്ദേശ്യ ലക്ഷ്യം.

(സി) കൃഷിവകുപ്പും കേരഫെഡും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത കൃഷിഭവനുകൾവഴി കർഷകരിൽനിന്നും പച്ചനാളികേരം സംഭരിച്ച് കേരഫെഡിന് കൈമാറുന്നു. കേരഫെഡ് ഈ നാളികേരം സംസ്കരിച്ച് കൊപ്രയാക്കി മാറ്റുന്നു.

LIBRARY ARCHIVES Kerala Legislative Assembly